# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാരക്കുറിശ്ശി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD(12)1393/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 14/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
കാരക്കുറിശ്ശി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാരക്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാരക്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD(12)1393/22 തീയ്യതി: 14/07/2022

## പാലക്കാട് ജില്ലയിലെ കാരക്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കാരക്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-12-2019 മുതൽ 09-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-06-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ശശിഭൂഷൺ.ഇ | ഡെപ്യൂട്ടി ഡയറക്ടർ | 15-06-2022 | 20-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-06-2022 | 20-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.നസ്സീർ.ടി.കെ -ഓഡിറ്റ് ഓഫീസർ
ശ്രീമതി.അനില .സി.എസ് -സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.കന്തസ്വാമി .ഐ. -ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വക്കറ്റ് മജീദ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-11-2020 | 29-12-2020 |
| ശ്രീമതി.പ്രേമലത.എ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി.സുപ്രിയ.എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2020 | 10-05-2020 |
| ശ്രീമതി.മീനാ മാത്യൂ | സെക്രട്ടറി | 11-05-2020 | 18-01-2021 |
| ശ്രീ.അനസ്സ് .വൈ | സെക്രട്ടറി | 19-01-2021 | 18-02-2021 |
| ശ്രീമതി.സുപ്രിയ.എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-02-2021 | 28-02-2021 |
| ശ്രീ.സുബാഷ് .പി.ബി | സെക്രട്ടറി | 01-03-2021 | 02-03-2021 |
| ശ്രീമതി.സുപ്രിയ.എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുപ്രിയ.എ | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.ഹരികൃഷ്ണൻ | അസി.എൻജിനിയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.സുനിത | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.രേഷ്മ | വെറ്റിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.മൈമൂന | ഹെഡ് മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ശ്രീമതി.സരിത.ടി.എം. | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി.കാർത്യായനി. | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2020 | 31-03-2021 |
| ഡോ.അസ്മാബി | MO(ISM) | 01-04-2020 | 31-03-2021 |
| ശ്രീമതി.പ്രസന്ന | ഡി.ഇ.ഒ | 01-04-2020 | 31-03-2021 |
| ഡോ.ദിയ ഫിലോമിന | MO(PHC) | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Kanthaswami.I (Auditor, On 13-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 16-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Kanthaswami.I (Auditor, On 13-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 16-06-2022) | 1-2 |
| 3 | വാർഷികകണക്കുകളിലെ അപാകതകൾ<br>Written By: Kanthaswami.I (Auditor, On 13-06-2022)<br>Last Updated By: Kanthaswami.I (Auditor, On 22-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Kanthaswami.I (Auditor, On 13-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 16-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Kanthaswami.I (Auditor, On 13-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 18-06-2022) | 1-4 |
| 6 | ഫണ്ട് വിനിയോഗം -0.83 കോടി സർക്കാർ ഗ്രാന്റ് ലാപ്സാക്കി<br>Written By: Kanthaswami.I (Auditor, On 13-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 14-06-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Kanthaswami.I (Auditor, On 13-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 14-06-2022) | 1-5 |
| 8 | പദ്ധതി അവലോകനം -മോണിട്ടറിങ് കാര്യക്ഷമമാക്കണം<br>Written By: Kanthaswami.I (Auditor, On 16-06-2022)<br>Last Updated By: Kanthaswami.I (Auditor, On 16-06-2022) | 1-5-1 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Kanthaswami.I (Auditor, On 16-06-2022)<br>Last Updated By: Kanthaswami.I (Auditor, On 16-06-2022) | 1-6 |
| 10 | MGNREGS അവലോകനം<br>Written By: T.K.Naseer (Audit Officer, On 15-06-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 13-07-2022) | 1-6-1 |
| 11 | ക്ഷേമ പദ്ധതികൾ<br>Written By: Kanthaswami.I (Auditor, On 13-06-2022)<br>Last Updated By: Kanthaswami.I (Auditor, On 16-06-2022) | 1-7 |
| 12 | ക്യാഷ് പരിശോധന<br>Written By: Kanthaswami.I (Auditor, On 13-06-2022)<br>Last Updated By: Kanthaswami.I (Auditor, On 15-06-2022) | 1-8 |
| 13 | ആഭ്യന്തരനിയന്ത്രണം<br>Written By: Kanthaswami.I (Auditor, On 13-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 16-06-2022) | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Kanthaswami.I (Auditor, On 13-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 16-06-2022) | 1-10 |
| 15 | റസിഡൻഷ്യൽ ഹോം സ്റ്റേകൾ എന്ന വിഭാഗം സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തുനികുതി നിരക്ക് നിർണ്ണയിച്ചിട്ടില്ല.<br>Written By: Kanthaswami.I (Auditor, On 22-06-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 24-06-2022) | 1-11 |
| 16 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ- അപാകതകൾ.<br>Written By: Kanthaswami.I (Auditor, On 22-06-2022)<br>Last Updated By: Kanthaswami.I (Auditor, On 22-06-2022) | 1-12 |

| | | |
|---|---|---|
| 17 | പഞ്ചായത്ത് കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച അപാകതകൾ<br>Written By: Kanthaswami.I (Auditor, On 22-06-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 24-06-2022) | 1-13 |
| 18 | ഹരിതകർമ്മസേന-അവലോകനം<br>Written By: Kanthaswami.I (Auditor, On 22-06-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 24-06-2022) | 1-14 |
| 19 | തൊഴിൽനികുതി - സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: Kanthaswami.I (Auditor, On 24-06-2022)<br>Last Updated By: Kanthaswami.I (Auditor, On 24-06-2022) | 1-15 |
| 20 | സി പി ആർ സി എസ് മുഖേന കമ്പ്യൂട്ടർ വാങ്ങൽ - കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല<br>Written By: C.S.Anila (Senior Grade Auditor, On 20-06-2022)<br>Last Updated By: C.S.Anila (Senior Grade Auditor, On 30-06-2022) | 1-16 |
| 21 | ഡെപ്പോസിറ്റ് വർക്ക് - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്<br>Written By: C.S.Anila (Senior Grade Auditor, On 20-06-2022)<br>Last Updated By: C.S.Anila (Senior Grade Auditor, On 20-06-2022) | 1-17 |
| 22 | ഡെപ്പോസിറ്റ് വർക്ക് - വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയ തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്<br>Written By: C.S.Anila (Senior Grade Auditor, On 20-06-2022)<br>Last Updated By: C.S.Anila (Senior Grade Auditor, On 30-06-2022) | 1-18 |
| 23 | ഗ്രാമന്യായാലയം നിർമ്മിക്കൽ - കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്<br>Written By: C.S.Anila (Senior Grade Auditor, On 20-06-2022)<br>Last Updated By: Anish A (Computer Assistant, On 08-07-2022) | 1-19 |
| 24 | അങ്കണവാടി പോഷകാഹാരം - ന്യൂട്രിമിക്സ് വാങ്ങൽ -ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല<br>Written By: C.S.Anila (Senior Grade Auditor, On 20-06-2022)<br>Last Updated By: C.S.Anila (Senior Grade Auditor, On 30-06-2022) | 1-20 |
| 25 | KADCO - പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഇനം ടെണ്ടർ കൂടാതെ വാങ്ങി<br>Written By: C.S.Anila (Senior Grade Auditor, On 20-06-2022)<br>Last Updated By: C.S.Anila (Senior Grade Auditor, On 30-06-2022) | 1-21 |
| 26 | മരാമത്ത് -പൂർത്തീകരണ സമയം ദീർഘിപ്പിച്ചത് ഫൈൻ ഈടാക്കിയിൽ കുറവ്<br>Written By: T.K.Naseer (Audit Officer, On 21-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 21-06-2022) | 1-22 |
| 27 | റോഡ് ടാറിങ് -ബാരൽ വില കുറവ്ചെയ്തിട്ടില്ല<br>Written By: T.K.Naseer (Audit Officer, On 21-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 06-07-2022) | 1-23 |
| 28 | കുടിവെള്ള പദ്ധതിയ്ക്ക് മോട്ടോർ -അധിക നിരക്ക് അനുവദിച്ചു<br>Written By: T.K.Naseer (Audit Officer, On 21-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 21-06-2022) | 1-24 |
| 29 | E-ടെൻണ്ടർ -ടെൻണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ അടവാക്കണം<br>Written By: T.K.Naseer (Audit Officer, On 21-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 21-06-2022) | 1-25 |
| 30 | MG(റോഡ്)ഫണ്ട് വിനിയോഗം -അപാകതകൾ<br>Written By: T.K.Naseer (Audit Officer, On 21-06-2022)<br>Last Updated By: Anish A (Computer Assistant, On 08-07-2022) | 1-26 |
| 31 | പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെടാത്ത കെട്ടിടത്തിന് ഫണ്ട് വിനിയോഗിച്ചു<br>Written By: T.K.Naseer (Audit Officer, On 21-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 21-06-2022) | 1-27 |
| 32 | പാലിന് സബ്സീഡി-ഡിപ്പാർട്ട്മെന്റ് വിഹിതം ഉറപ്പാക്കിയിട്ടില്ല<br>Written By: T.K.Naseer (Audit Officer, On 21-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 21-06-2022) | 1-28 |
| 33 | സംരക്ഷണ ഗ്രാന്റ് -ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല<br>Written By: T.K.Naseer (Audit Officer, On 21-06-2022) | 1-29 |

| | | |
|---|---|---|
| | Last Updated By: T.K.Naseer (Audit Officer, On 21-06-2022) | |
| 34 | MGNREGS മെറ്റീരിയൽ പർച്ചേസ് -അപാകതകൾ<br>Written By: T.K.Naseer (Audit Officer, On 21-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 21-06-2022) | 1-30 |
| 35 | ആശ്രയ (അഗതി രഹിത കേരളം )അവലോകനം<br>Written By: T.K.Naseer (Audit Officer, On 21-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 21-06-2022) | 1-31 |
| 36 | വയോജനങ്ങൾക്ക് (എസ്.സി) കട്ടിൽ വിതരണം-അപാകങ്ങൾ<br>Written By: T.K.Naseer (Audit Officer, On 21-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 21-06-2022) | 1-32 |
| 37 | ദുരിദാശ്വാസ നിധി കാര്യക്ഷമമാക്കണം<br>Written By: C.S.Anila (Senior Grade Auditor, On 22-06-2022)<br>Last Updated By: C.S.Anila (Senior Grade Auditor, On 30-06-2022) | 1-33 |
| 38 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം-അപാകങ്ങൾ<br>Written By: Kanthaswami.I (Auditor, On 22-06-2022)<br>Last Updated By: Anish A (Computer Assistant, On 08-07-2022) | 1-34 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | റോഡ് ടാറിങ് -ബാരൽ വില കുറവ്ചെയ്തിട്ടില്ല<br>Written By: T.K.Naseer (Audit Officer, On 05-07-2022)<br>Last Updated By: T.K.Naseer (Audit Officer, On 05-07-2022) | 3-1 |
| 2 | കുടിവെള്ള പദ്ധതിയ്ക്ക് മോട്ടോർ -അധിക നിരക്ക് അനുവദിച്ചു<br>Written By: T.K.Naseer (Audit Officer, On 06-07-2022)<br>Last Updated By: T.K.Naseer (Audit Officer, On 06-07-2022) | 3-2 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: T.K.Naseer (Audit Officer, On 13-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 05-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: T.K.Naseer (Audit Officer, On 13-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 17-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: T.K.Naseer (Audit Officer, On 13-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 13-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: T.K.Naseer (Audit Officer, On 13-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 14-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: T.K.Naseer (Audit Officer, On 13-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 08-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: T.K.Naseer (Audit Officer, On 13-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 14-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: T.K.Naseer (Audit Officer, On 13-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 16-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: T.K.Naseer (Audit Officer, On 13-06-2022)<br>Last Updated By: Anish A (Computer Assistant, On 08-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: T.K.Naseer (Audit Officer, On 13-06-2022) | 4-9 |

| | | |
|---|---|---|
| | Last Updated By: T.K.Naseer (Audit Officer, On 14-06-2022) | |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: T.K.Naseer (Audit Officer, On 13-06-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 13-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: T.K.Naseer (Audit Officer, On 13-06-2022)<br>Last Updated By: C.S.Anila (Senior Grade Auditor, On 22-06-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

24.3.2020 -ാം തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 22.2.2021 -ാം തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.വിശദ വിവരം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 14429806 |
| പ്രതീക്ഷിത വരവ് | 175836834 |
| ആകെ | 190266640 |
| പ്രതീക്ഷിത ചെലവ് | 171652674 |
| നീക്കിയിരിപ്പ് | 18613966 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2021 | 12.6.2022 | - | - |

( ILGMS സോഫ്റ്റ് വെയർ മുഖേനയാണ് വാർഷിക കണക്ക് സമർപ്പിച്ചത് )

### 1-2-1 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്മേൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. അഡ്വാൻസ് രജിസ്റ്ററിൽ വിവിധ ഹെഡുകളിൽ നല്കിയ തുക, ക്രമീകരിച്ച തുക എന്നിവ രേഖപ്പെടുത്തിയിട്ടില്ല .

2. തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

3. ബാങ്ക്, ട്രഷറി അക്കൌണ്ടുകളുടെ ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ എല്ലാ മാസങ്ങളിലും തയ്യാറാക്കി അതത് ബാങ്ക് അക്കൗണ്ടുകളുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. (കേരള പഞ്ചായത്ത് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം 57) എന്നാൽ ബാങ്ക്, ട്രഷറി അക്കൌണ്ടുകൾ റീകൺസീലിയേഷൻ നടത്തിയിട്ടില്ല.

4. Contractors EMD യിൽ ഉൾപ്പെടുത്തേണ്ട തുക Bidder's EMD യിൽ ഉൾപ്പെടുത്തിയത് Schedule B -7 ൽ ക്രമീകരിച്ചു കാണുന്നില്ല.

5. ബ്ലോക്ക് , ജില്ലാ പഞ്ചായത്ത് , കേന്ദ്ര സംസ്ഥാന പദ്ധതികൾക്കായുള്ള വിഹിതങ്ങൾ എന്നിവയുടെ വരവ് ചെലവുകളുടെ പരിശോധനയ്ക്കാവശ്യമായ ACR തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 20653114 |
| വരവ് | 74400250 |
| ആകെ | 95053364 |
| ചെലവ് | 773767781 |
| നീക്കിയിരിപ്പ് | 17676583 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 8465726 | 8465726 | 8461241 | 4485 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 7857176 | 7857176 | 7857176 | 00 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 17172000 | 17172000 | 17160333 | 11667 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 3666535 | 3666535 | 3655326 | 11209 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 5059994 | 5059994 | 4135381 | 924613 |

കേന്ദ്രാവഷ്കൃത ഫണ്ടുകൾ

| | | | | | |
|---|---|---|---|---|---|
| സംയോജിത ശിശു വികസന പദ്ധതി | 1817849 | 1209527 | 3027376 | 362059 | 1817849 |
| ശുചിത്വമിഷൻ ഫണ്ട് | 1882643 | 2146800 | 2029443 | 1643443 | 386000 |
| ദുരിതാശ്വാസനിധി | 21893 | 876 | 22769 | 10 | 21893 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 263392 | 3696000 | 3696000 | 3432608 | 263392 |
| ജില്ലാ പഞ്ചായത്ത് | 80000 | 2705358 | 2785358 | 2705358 | 80000 |
| | 1342100 | 430338 | 1772438 | 1730869 | 41569 |

ജില്ലാ കേന്ദ്ര /സംസ്ഥാനാവിഷ്കത ഫണ്ടുകൾ സംബന്ധിച്ച് ACR സാക്ഷ്യപ്പെടുത്തി സമർപ്പിക്കപ്പെട്ടിട്ടില്ലാത്തതിനാൽ കൃത്യമായ വിവരം ലഭ്യമല്ല.

കേന്ദ്രാവിഷ്കതം,സംസ്ഥാനാവിഷ്കതം,സംയുക്ത പ്രൊജക്ട് , പദ്ധതികളുടെ വരവ് ചെലവ് സംബന്ധിച്ച് രജിസ്റ്ററുകൾ,ACR എന്നിവ സൂക്ഷിക്കാത്തതിനാൽ ആയതിന്റ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-4-1 ഫണ്ട് വിനിയോഗം -0.83 കോടി സർക്കാർ ഗ്രാന്റ് ലാപ്സാക്കി

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി | ചെലവ്% |
|---|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 9571124 | 9571124 | 9571124 | 00 | 100% |
| പ്ലാൻ (SCP) | 0 | 8867824 | 8867824 | 7363596 | 1504228 | 83% |
| CFC (BASIC) | 0 | 8994217 | 8994217 | 6979122 | 2015095 | 78% |
| CFC (TIED) | 0 | 0 | 0 | 0 | 0 | 0 |
| റോഡ് (MG) | 0 | 15990000 | 15990000 | 12092943 | 3897057 | 76% |
| റോഡീതരം (MG) | 0 | 3449000 | 3449000 | 2726206 | 722794 | 79% |
| ആകെ | 0 | 46872165 | 46872165 | 38732991 | 8139174 | 83% |

തൻ വർഷം ലഭ്യമാക്കിയ സർക്കാർ 4.68 കോടി സർക്കാർ ഗ്രാന്റിൽ 3.87 കോടി മാത്രം ചെലവഴിച്ച് 0.83 കോടി ലാപ്സാക്കി .ഫണ്ട് ലാപ്സ് ഒഴിവാക്കാൻ മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 262 | 106283763 | 224 | 61988399 | 0 | 44 | 84% |

1-5-1 വിശദ വിവരം ചുവടെ ചേർക്കുന്നു

| നിർവ്വഹണോദ്യോഗസ്ഥൻ | ആകെ പ്രൊജക്ട് | നിർവ്വണം നടത്തിയത് | നടപ്പിലാക്കാത്തവ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 10 | 1 | 4212079 | 1689526 | 40% |
| വെറ്റിനറി സർജ്ജൻ | 9 | 8 | 1 | 2610722 | 980011 | 38% |
| MO (PHC) | 10 | 7 | 3 | 2620727 | 818029 | 31% |
| MO (ISM) | 5 | 5 | 0 | 1420000 | 1420000 | 100% |
| ഫിഷറീസ് | 2 | 2 | 0 | 1182000 | 0 | 0% |
| VEO | 12 | 10 | 2 | 28798815 | 12340053 | 42% |
| ICDS | 11 | 8 | 3 | 6752300 | 5248205 | 78% |
| DEO | 1 | 1 | 0 | 550000 | 550000 | 100% |
| സെക്രട്ടറി | 39 | 34 | 5 | 10758614 | 9632145 | 90% |
| അസി.എൻജി. | 162 | 142 | 20 | 36062264 | 29515798 | 82% |
| ഹെഡ് മാസ്റ്റർ | 11 | 10 | 1 | 1914756 | 1822280 | 95% |
| അസി.സെക്രട്ടറി | 5 | 2 | 3 | 1444210 | 796100 | 55% |
| ആകെ | 268 | 224 | 44 | 106283763 | 61988399 | 84% |

തൻ വർഷം അംഗീകാരം ലഭ്യമാക്കിയ 268 പ്രൊജക്ടിൽ 224 എണ്ണം നിർവ്വഹണം നടത്തി (84%) ആകെ അടങ്കൽ 10.62 കോടിയിൽ 6.19 കോടി ചെലവഴിക്കപ്പെട്ടു (58%)പൂർണ്ണതോതിലുള്ള പദ്ധതി നിർവ്വഹണത്തിന് മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-5-1 പദ്ധതി അവലോകനം -മോണിട്ടറിങ് കാര്യക്ഷമമാക്കണം

| നിർവ്വഹണോദ്യോഗസ്ഥൻ | ആകെ പ്രൊജക്ട് | നിർവ്വണം നടത്തിയത് | നടപ്പിലാക്കാത്തവ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 10 | 1 | 4212079 | 1689526 | 40% |
| വെറ്റിനറി സർജ്ജൻ | 9 | 8 | 1 | 2610722 | 980011 | 38% |
| MO (PHC) | 10 | 7 | 3 | 2620727 | 818029 | 31% |
| MO (ISM) | 5 | 5 | 0 | 1420000 | 1420000 | 100% |
| ഫിഷറീസ് | 2 | 2 | 0 | 1182000 | 0 | 0% |
| VEO | 12 | 10 | 2 | 28798815 | 12340053 | 42% |
| ICDS | 11 | 8 | 3 | 6752300 | 5248205 | 78% |
| DEO | 1 | 1 | 0 | 550000 | 550000 | 100% |

| | | | | | | |
|---|---|---|---|---|---|---|
| സെക്രട്ടറി | 39 | 34 | 5 | 10758614 | 9632145 | 90% |
| അസി.എൻജി. | 162 | 142 | 20 | 36062264 | 29515798 | 82% |
| ഹെഡ് മാസ്റ്റർ | 11 | 10 | 1 | 1914756 | 1822280 | 95% |
| അസി.സെക്രട്ടറി | 5 | 2 | 3 | 1444210 | 796100 | 55% |
| ആകെ | 268 | 224 | 44 | 106283763 | 61988399 | 84% |

തൻവർഷം അംഗീകാരം ലഭ്യമാക്കിയ 268 പ്രൊജക്ടിൽ 224 എണ്ണം നിർവ്വഹണം നടത്തപ്പെട്ടു.(84% ) ആകെ അടങ്കൽ 10.62 കോടിയിൽ 6.19 കോടി ചെലവഴിക്കപ്പെട്ടു (58% ).പൂർണ്ണ തോതിൽ നിർവ്വഹണം നടത്താൻ മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| നം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2764 | 1574712 | 1577467 | 1566083 | 11393 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 31753086 | 231753086 | 31753086 | 0 |
| ആകെ | 2764 | 33327798 | 33355442 | 33344049 | 11393 |

വാർഷിക കണക്കുകളുമായി ക്യാഷ് ബുക്ക് കണക്കുകൾ പൊരുത്തപ്പെടുന്നില്ല

## 1-6-1 MGNREGS അവലോകനം

| ക്രമനം. | വിശദാംശം | |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3489 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 272 |
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 1769 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | 68866000 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 294 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 276 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം | 135 |
| 8 | തൻവർഷത്തെ വരവ് (അഡ്മിൻ )<br>EFMS | 1577476<br>31753086 |
| 9 | തൻവർഷത്തെ ചെലവ്<br>EFMS | 1566083<br>31753086 |
| 10 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 1515 |
| 11 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1515 |
| 12 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 719 |
| 16 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം | 26 |
| 19 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം) | 0 |

20-21വർഷത്തിൽ സാധനസാമഗ്രികൾ ഉൾപ്പെടുന്ന പ്രവർത്തികൾ തൊഴിലുറപ്പപദ്ധതിപ്രകാരം

താഴെപ്പറയും പ്രകാരം നിർവ്വഹിച്ചിട്ടുണ്ട്

| പ്രവർത്തി | എണ്ണം |
|---|---|
| റോഡ് | 21 |
| കോഴിക്കൂട് | 16 |
| ആട്ടിൻകൂട് | 37 |
| തൊഴുത്ത് | 40 |
| കയർ ഭൂവസ്ത്രം | 0 |
| മറ്റുള്ളവ | 21 |
| ആകെ ചെലവ് | 16431248 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 6480 | 5 |
| കർഷകതൊഴിലാളി പെൻഷൻ | 6036300 | 296 |
| വിധവാപെൻഷൻ | 20879900 | 1068 |
| വാർദ്ധക്യകാലപെൻഷൻ | 32288100 | 1761 |
| വികലാംഗപെൻഷൻ | 6365200 | 327 |
| വിവാഹധനസഹായം | 6600000 | 12 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്ക് പെൻഷൻ | 1498700 | 120 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.06.2022 തിയ്യതിയിൽ ഉച്ചയ്ക്ക് ശേഷം 02.30 ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 12,928 /- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ ഇടപാടുകളേയും പ്രവർത്തനങ്ങളേയും ഓഡിറ്റ് സാക്ഷ്യപത്രത്തിൽ പറഞ്ഞത് ഒഴികെയുള്ള കാര്യങ്ങളിൽ വാർഷിക കണക്കിൽ പ്രതിഫലിപ്പിക്കുന്നുണ്ട്.

അക്കൗണ്ടിംഗ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. പണമിടപാട് നടത്തുന്ന എല്ലാ രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നുണ്ട്. രശീതികൾ പ്രീ നമ്പേർഡ് ആണ്. രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ

മാന്വലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ എല്ലാ അക്കൗണ്ടുകളും സാംഖ്യയിൽ ചേർത്തിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഓരോരുത്തർക്കും Login, Password ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ട്. ഒരാളുടെ പാസ്‌വേർഡ്, ലോഗിൻ എന്നിവ മറ്റുള്ളവർ ഉപയോഗിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തുക ബാങ്കിൽ അടവാക്കുന്നത് തുക കളക്റ്റ് ചെയ്യുന്ന ആൾ അല്ല. ഓരോ ദിവസത്തെയും വരവ് തുക ക്യാഷിന്റെ ചുമതലയുള്ള സെക്ഷൻ ക്ലാർക്കിനെ (Cashier) ഏൽപ്പിക്കുകയും തുകയുടെ കൃത്യത അക്കൗണ്ടന്റ് പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവ് വിവരം പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

ആയിരം രൂപക്ക് മുകളിലുള്ള തുകകൾ ചെക്കായിട്ടാണ് നൽകുന്നത്. എല്ലാ പേമെന്റുകൾക്കും കൈപ്പറ്റ് രശീതി വാങ്ങുന്നുണ്ട്. പേമെന്റ് വൗച്ചർ സെക്ഷൻ ക്ലാർക്ക് തയ്യാറാക്കി അക്കൗണ്ടന്റ്, ഹെഡ്ക്ലാർക്ക് എന്നിവർ പരിശോധിച്ച ശേഷം സെക്രട്ടറി ചെക്കിൽ ഒപ്പ് വെക്കുന്നു. എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറിയും പ്രസിഡണ്ടും ഒപ്പ് വെക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ കാലതാമസത്തിന് നിയമപ്രകാരം ഫൈൻ/പിഴപ്പലിശ ഈടാക്കുന്നുണ്ട്. എല്ലാ കളക്ഷനുകളും കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ട്. എന്നാൽ വസ്തുനികുതി മാത്രമാണ് ഡി.സി.ബി. രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ചിരിക്കുന്നത്. ഒരു കെട്ടിടം പൂർത്തിയാവുന്ന മുറയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് റിപ്പോർട്ട് നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ വാർഡ് ക്ലാർക്ക് വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇത് വസ്തു നികിതിയുടെ ചുമതല വഹിക്കുന്ന സീനിയർ ക്ലാർക്ക്, സെക്രട്ടറിക്ക് ഫോർവേർഡ് ചെയ്യുകയും സെക്രട്ടറി ഇതംഗീകരിച്ച് ഡിജിറ്റൽ സിഗ്നേച്ചർ ചെയ്യുന്ന മുറയ്ക്ക് നികുതി ഡിമാന്റ് സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തപ്പെടുകയും ചെയ്യുന്നു. 2019-20 ൽ മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം മാന്വലായി തയ്യാറാക്കുകയാണ് ചെയ്യുന്നത്.

ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിന് നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ട്. ക്യാമ്പ് കളക്ഷനും ഫീൽഡ് കളക്ഷനും നടത്തി നികുതികൾ പിരിച്ചെടുത്തിട്ടുത്തിട്ടുണ്ട്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെയാണ് പർച്ചേസുകൾ നടത്തുന്നത്. എന്നാൽ പ്രൊക്യൂർമെന്റ് പ്ലാൻ, പ്രൊക്യൂർമെന്റ് ബജറ്റ് ഇവ തയ്യാറാക്കുന്നില്ല. പർച്ചേസ് ഓർഡർ, വർക്ക് ഓർഡർ, കരാറുകൾ എന്നിവ കൃത്യമായി ചമയ്ക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിലെടുക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. പേമെന്റ് നടത്തുന്നതിനു മുൻപ് ഒറിജിനൽ ഇൻവോയ്സ്/ബില്ലിൽ സ്റ്റോക്ക് എൻട്രി വിവരം ചേർത്തിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കുന്നുണ്ട്. എന്നാൽ ആസ്തികളുടെ മൂല്യം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ ഭദ്രമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. പക്ഷെ സ്റ്റോക്ക്&സ്റ്റോർസ്, മറ്റ് വിലപ്പെട്ട രേഖകൾ എന്നിവയ്ക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല. ഉപയോഗയശൂന്യമാകുന്ന വസ്തുവകകൾ കൈയ്യൊഴിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

പഞ്ചായത്ത് മീറ്റിംഗിന് Software (സകർമ്മ) ലൂടെ മിനുട്ട്സ് തയ്യാറാക്കുന്നതിന് സംവിധാനമുള്ളത്.

ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി ഇവയുടെ മിനുട്ട്സുകളും Online സംവിധാനത്തിലേക്ക മാറേണ്ടതുണ്ട്. ഗ്രാമസഭായോഗങ്ങളിൽ ക്വാറം തികയുന്നുണ്ട്.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പ വരുത്തേണ്ടതാണ്. കൃത്യമായ ആസൂത്രണത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമയബന്ധിതമായ ഇടപെടലിന്റെയും അഭാവത്തിൽ 2019-20 വർഷം സർക്കാരിൽ നിന്നും ലഭ്യമായ ഗ്രാന്റുകളിൽ ₹ 0.83 കോടി ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടു. ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ ലഭ്യമാവാത്ത ഈ കാലഘട്ടത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ഗ്രാമപഞ്ചായത്തിലെ ജനങ്ങളും ഭരണസമിതി അംഗങ്ങളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും ജീവനക്കാരും ശ്രദ്ധാപൂർവ്വം പ്രവർത്തിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.5.2022 | 4/2022 | 6.6.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29-08-2013-മുതൽ-10-09-2013 വരെ | 2008-09 മുതൽ 2012-13 വരെ | 21.7.2014 |

## 1-11 റസിഡൻഷ്യൽ ഹോം സ്റ്റേകൾ എന്ന വിഭാഗം സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തുനികുതി നിരക്ക് നിർണ്ണയിച്ചിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. സ.ഉ(അ)നം.53/2020/തസ്വഭവ തിയതി 8-9-2020 പ്രകാരം 'റസിഡൻഷ്യൽ ഹോം സ്റ്റേ' എന്ന കെട്ടിട വിഭാഗത്തിന് കുറഞ്ഞത് 10 രൂപയും കൂടിയ നിരക്ക് 25 രൂപയും നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് ഗ്രാമപഞ്ചായത്ത് ഉചിതമായ നിരക്ക് നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തി ഈ വിഭാഗത്തിന് പുതുക്കിയ നികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ ഡാറ്റാ ബേസിൽ 'റസിഡൻഷ്യൽ ഹോം സ്റ്റേ' എന്ന വിഭാഗം കെട്ടിടത്തിന്റെ അടിസ്ഥാന നികുതി നാളിതുവരെ ഉൾപ്പെടുത്തിയിട്ടില്ല. സർക്കാർ നിർദ്ദേശിച്ച പരിധികൾക്ക് വിധേയമായി പഞ്ചായത്ത് പ്രദേശത്ത് ബാധകമാക്കാവുന്ന നികുതി നിരക്ക് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്താത്തത് തെറ്റായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിക്കുന്നതിനും നികുതി നഷ്ടത്തിനും കാരണമാവുന്നു. മേൽ സൂചിപ്പിച്ച കെട്ടിട വിഭാഗത്തിന് വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് ക്രമീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 17/15.06.22

## 1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ- അപാകതകൾ.

1.ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച്

ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 225 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 1552 ലധികം വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ടി കണക്കുകളിൽ നിന്നും പഞ്ചായത്ത് പരിധിയിൽ

നിരവധി സ്ഥാപനങ്ങൾ നിയമാനുസൃതം ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നുണ്ട് എന്ന് കാണുന്നു. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

2. ലൈവ്സ്റ്റോക്ക് ഫാമുകൾ- അപാകതകൾ

ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ 20-21 വർഷം 16 ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. ഇവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

ലൈവ് സ്റ്റോക്ക് ഫാം അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം ഒരു ലൈവ് സ്റ്റോക്ക് ഫാം ആരംഭിക്കുവാനോ അതിനുവേണ്ടിയുള്ള കെട്ടിടമോ ഷെഡ്ഡോ നിർമ്മിക്കുവാനോ ഉദ്ദേശിക്കുന്ന ഏതൊരാളും ഈ ആവശ്യത്തിലേക്ക് ഗ്രാമപഞ്ചായത്തിന്റെ അനുമതിക്കു വേണ്ടി ഫാറം 1-ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും അപേക്ഷയിൽ, ഫാമിൽ വളർത്താനുദ്ദേശിക്കുന്ന മൃഗങ്ങളുടെ അഥവാ പക്ഷികളുടെ ഇനങ്ങളും എണ്ണവും, ഈ ആവശ്യത്തിലേയ്ക്ക് ലഭ്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണം, നിർമ്മിച്ചതോ നിർമ്മിക്കാനുദ്ദേശിക്കുന്നതോ ആയ കെട്ടിടത്തിന്റെ അഥവാ ഷെഡ്ഡിന്റെ വിവരണം (തറ വിസ്തീർണ്ണം ഉൾപ്പെടെ), ഉദ്ദേശിക്കുന്ന മാലിന്യനിർമ്മാർജ്ജന ക്രമീകരണങ്ങൾ, ചുറ്റുവട്ടത്തുള്ള ജനവാസത്തെപ്പറ്റിയുള്ള വിവരണം എന്നീ കാര്യങ്ങൾ ഉണ്ടായിരിക്കേണ്ടതും കെട്ടിടങ്ങളുടെയും ഷെഡ്ഡുകളുടെയും പ്ലാനും സ്ഥലത്തിന്റെ സ്കെച്ചും ഉള്ളടക്കം ചെയ്യേണ്ടതുമാണ്. അപേക്ഷ കിട്ടി മുപ്പതുദിവസം അവസാനിക്കുന്നതിനുമുമ്പ് അപേക്ഷയിൻമേൽ സെക്രട്ടറി അനുമതി നൽകുകയോ നിഷേധിക്കുകയോ ചെയ്യേണ്ടതും അനുമതി നൽകിക്കൊണ്ടോ നിഷേധിച്ചുകൊണ്ടോ ഉള്ള ഉത്തരവ് രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതും അതിനുശേഷം ആദ്യം ചേരുന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗത്തിന്റെ മുമ്പാകെ വിശദാംശങ്ങൾ സഹിതം അവതരിപ്പിക്കേണ്ടതുമാണ്. ലൈവ് സ്റ്റോക്ക് ഫാം ആരംഭിക്കുന്നതിന് 6-ാം ചട്ടപ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനുമതി ലഭിച്ചിട്ടുള്ള ഏതൊരാളും, ഇതിലേക്കാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയശേഷം ഫാം നടത്തുന്നതിനുള്ള ലൈസൻസിനായി ഫാറം 2-ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും സെക്രട്ടറി ആവശ്യമായ അന്വേഷണം നടത്തി നിബന്ധനകൾ അപേക്ഷകൻ പൂർണ്ണമായി പാലിച്ചിട്ടുണ്ടെന്ന് തനിക്ക് ബോദ്ധ്യപ്പെടുന്നപക്ഷം, അപേക്ഷിച്ച പ്രകാരം, ഫാറം 3-ൽ ലൈസൻസ് നൽകുകയോ കാരണങ്ങൾ വ്യക്തമാക്കിക്കൊണ്ട് രേഖാമൂലം അപേക്ഷ നിരസിക്കുകയോ ചെയ്യേണ്ടതാണ്. എന്നാൽ ചട്ടപ്രകാരമുള്ള മേൽ നടപടിക്രമങ്ങൾ പാലിക്കാതെ ലൈസൻസ് അനുവദിക്കുകയാണ് ചെയ്തിരിക്കുന്നത്.

ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല .

2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും ലൈവ്സ്റ്റോക്ക് ഫാമിൽ വളർത്തപ്പെടുന്ന മൃഗങ്ങളുടെയോ പക്ഷികളുടേയോ എണ്ണം തിട്ടപ്പെടുത്തുന്നതിനോ, ഫാമിന്റെ ഉടമസ്ഥൻ അഥവാ നടത്തിപ്പുകാരൻ ഈ ചട്ടങ്ങളിലോ ഗ്രാമ പഞ്ചായത്തിന്റെ അനുമതിയിലോ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പൂർണ്ണമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനോ വേണ്ടി ആറുമാസത്തിലൊരിക്കൽ ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത്തരം പരിശോധന നടത്തിയതായി കാണുന്നില്ല.

3.ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക 5 ൽ ക്ലിയറൻസ് ആവശ്യമായ വ്യവസായങ്ങളായി ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്നവയെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്ക് ക്ലിയറൻസ് ലഭ്യമാക്കാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത് എന്ന് കാണുന്നു.

4. ലൈസൻസില്ലാതെ റേഷൻകടകൾ പ്രവർത്തിക്കുന്നു.

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകൾക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻകടകൾക്ക് ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറി നം:17/20-21/15.6.22

## 1-13 പഞ്ചായത്ത് കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിലെ 8 കടമുറികൾ, കൊപ്ര ഡ്രയർ കെട്ടിടം എന്നിവയാണുള്ളത്. ഇവ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വാടക തുക-വാർഷിക വർദ്ധനവ് വരുത്തിയിട്ടില്ല , വാടകക്കാരുമായി കരാരിൽ ഏർപ്പെട്ടിട്ടില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 11/1, 11/2, 11/3 എന്നീ കെട്ടിടങ്ങൾ 2012 വർഷം മുതൽ പോസ്റ്റ് ഓഫീസ് നടത്തുന്നതിനായി മാസം 1300/- രൂപ നിരക്ക് നിശ്ചയിച്ച് വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ വാടകക്കാരുമായി ഇതുവരെയായും കരാരിൽ ഏർപ്പെട്ടിട്ടില്ല. മാത്രമല്ല നാളിതുവരെയായും വാടകയിൽ വാർഷിക വർദ്ധനവ് വരുത്തിയിട്ടില്ല. 2012ൽ ഈടാക്കികൊണ്ടിരുന്ന അതേ വാടക തന്നെയാണ് ഇപ്പോഴും ഈടാക്കി വരുന്നത്.

2. വാടക ബൈലോ തയ്യാറാക്കിയിട്ടില്ല .

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നുണ്ടെങ്കിലും ആയതിന്റെ നടത്തിപ്പിനായുള്ള ബൈലോ നാളിതുവരെ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്തിന്റെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച വാടക ബൈല നിർമ്മിച്ച് അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. പഞ്ചായത്ത് വക കൊപ്ര ഡ്രയർ കെട്ടിടം വാടകയ്ക്ക് നൽകിയില്ല, നിഷ്ക്രിയ ആസ്തിയായി തുടരുന്നു .

ഗ്രാമ പഞ്ചായത്ത് വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി 2013-14, 2014-15 വർഷങ്ങളിൽ 11,80,000 രൂപ ചെലവഴിച്ച് കൊപ്ര ഡ്രയറിന് നിർമിച്ച കെട്ടിടം, കുടുംബശ്രീ യൂണിറ്റുകളോ, വനിതാ സ്വയംസഹായസംഘങ്ങളോ ഏറ്റെടുത്ത് നടത്താൻ തയ്യാറാകാത്തതിനാൽ കേര ഫെഡിന് കൊപ്ര ഡ്രയർ നടത്തുന്നതിന് പ്രതിമാസം 15000 രൂപ നിരക്കിൽ വാടകക്ക് നൽകിയിരുന്നു. എന്നാൽ പ്രസ്തുത സ്ഥാപനം പ്രവർത്തനം അവസാനിപ്പിക്കുകയും 2016 ഒക്ടോബർ മാസം മുതൽ വാടക ലഭ്യമാകാതാകുകയും ചെയ്തിട്ടുണ്ട്. നാളിത് വരെയും മറ്റ് ഏജൻസികൾക്ക് കെട്ടിടം കൈമാറിയതായി കാണുന്നില്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ പ്രത്യേകം ക്ഷണിക്കുന്നു.
തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 16/15.06.22)

## 1-14 ഹരിതകർമ്മസേന-അവലോകനം

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്.
കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖയ്ക്ക് അനുസൃതമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകളും നിരീക്ഷണങ്ങളും താഴെ ചേർക്കുന്നു.
എ. പ്ലാസ്റ്റിക് - ഖരമാലിന്യ നിയമാവലി വിജ്ഞാപനം ചെയ്യൽ

ജി.ഒ(ആർ.ടി)നം.18/2021/തസ്വഭവ തിയതി 04-01-2021 പ്രകാരം തദ്ദേശ സ്ഥാപന തലത്തിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി ഉണ്ടാക്കിയിട്ടില്ല.

ബി. ഹരിത കർമ്മസേനയുടെ രൂപീകരണം

12.06.2019 നാണ് ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേന രൂപീകരിച്ച് സേനയുടെ ആദ്യ യോഗം ചേർന്നിട്ടുള്ളത്. 16 വാർഡുകളുള്ള കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മ സേനയിൽ നിലവിൽ 32 അംഗങ്ങളാണുള്ളത്.

പ്രവർത്തന പ്രദേശത്തെ വീടുകളും സ്ഥാപനങ്ങളും നിശ്ചിത ഇടവേളകളിൽ സന്ദർശിച്ച് കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതല ഹരിതകർമ്മസേനയിൽ നിക്ഷിപ്തമാണ്. കൂടാതെ, ജൈവമാലിന്യം കൃഷിക്കുവേണ്ടി പ്രയോജനപ്പെടുത്തുന്നതിനു വേണ്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുക, പൊതു മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുവേണ്ട സേവനങ്ങൾ നൽകുക മുതലായ ചുമതലകളും മാർഗ്ഗരേഖ പ്രകാരം നിക്ഷിപ്തമാക്കിയ മറ്റു ചുമതലകളും ഹരിത കർമ്മസേന നിർവ്വഹിക്കേണ്ടതാണ്. മാർഗ്ഗരേഖ പ്രകാരം ഏൽപ്പിക്കപ്പെട്ട അജൈവമാലിന്യ ശേഖരണം നടത്തി ഗ്രാമപഞ്ചായത്ത് സ്ഥാപിച്ചിട്ടുള്ള എം.സി.എഫിൽ സൂക്ഷിക്കുകയും ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയും ചെയ്യുന്നുണ്ട്. എന്നാൽ ക്ലീൻ കേരള കമ്പനിയിൽനിന്നും ഇതുവരെ തുകയൊന്നും ലഭ്യമായിട്ടില്ല.

സി. യൂസർഫീ ഈടാക്ക ൽ

കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിൽ 8335 വീടുകളും 1552 വ്യാപാര സ്ഥാപനങ്ങളും ഉണ്ടെന്ന് ഹരിതകർമ്മസേന കണക്കാക്കിയിട്ടുണ്ട്. യൂസർ ഫീ ഇനത്തിൽ വീടുകളിൽ നിന്ന് 50 രൂപയും വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് 100 രൂപയും ആണ് നിശ്ചയിച്ചിട്ടുള്ളത്.

യൂസർ ഫീ ഇനത്തിൽ 2020-21 വർഷത്തിൽ 1,94,280/- രൂപ വരവുണ്ട്. ശരാശരി വരവ് പ്രതിമാസം രൂപ 16,190/- മാത്രമാണ്. ആയത് ഹരിതകർമ്മസേനയുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ അപര്യാപ്തമാണ്.

യൂസർ ഫീ ഒടുക്കുന്നതിൽ പല വീട്ടുകാരും വിമുഖത കാണിക്കുന്നുണ്ടെന്ന് ഹരിത കർമ്മസേനാംഗങ്ങൾ അറിയിച്ചിട്ടുണ്ട്. മൂന്നു തവണയിൽ കൂടുതൽ യൂസർ ഫീ ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിക്കേണ്ടതാണെന്നും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും തുടർനടപടികൾ ഉണ്ടായിട്ടില്ല. വീട്ടുകാർ യൂസർ ഫീ ഒടുക്കുന്നതിൽ വിമുഖത കാണിക്കുന്നത് ഗൗരവപൂർവ്വം വീക്ഷിക്കേണ്ടതാണ്.

ഡി. ഹരിത കർമ്മസേനകൾക്കുള്ള വയബിലിറ്റി ഗ്യാപ് ഫണ്ട് (വി.ജി.എഫ്)

സ.ഉ(സാധാ)നം.703/2019/തസ്വഭവ തിയതി 25-3-2019 പ്രകാരം 2019-20 വർഷത്തിൽ വാർഡ് ഒന്നിന് 11600 രൂപ വീതം ഹരിത കർമ്മസേനകൾക്ക് ആറു മാസത്തേക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സ.ഉ(സാധാ)നം.62/2020/തസ്വഭവ തിയതി 11-4-2020 പ്രകാരം 2020-21 വർഷത്തിൽ ഹരിതകർമ്മസേനകൾക്ക് ആറു മാസത്തേക്ക് കൂടി വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച ഹരിതകർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് എന്ന പ്രോജക്റ്റ് പ്രകാരം 2019-20 വർഷത്തിൽ 2,68,000/- രൂപയും 2020-21 വർഷം 1,43,000/- രൂപയും ഹരിതകർമ്മസേനയ്ക്ക് നൽകിയിട്ടുണ്ട് (വികസനഫണ്ട് – ജനറൽ).

ഇ. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്)

സ.ഉ(സാധാ)നം.306/2019/തസ്വഭവ തിയതി 12-02-2019 പ്രകാരം എം.സി.എഫ് (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷൻ) ആരംഭിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഒരു എം.സി.എഫ് കെട്ടിടം നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ക്ലീൻ കേരള കമ്പനി തൻവർഷം ഒരു പ്രാവശ്യം മാത്രം പുനരുപയോഗം ചെയ്യാൻ പറ്റാത്ത പ്ലാസ്റ്റിക് മാലിന്യങ്ങൾ കൊണ്ടു പോയിട്ടുണ്ട്.

എം. സി.എഫ് കെട്ടിടനിർമ്മാണം

ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പ്രകാരം അജൈവ പാഴ്‌വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ മിനി എം.സി.എഫുകൾ വാർഡ് തലത്തിലും (കുറഞ്ഞത് 2 വാർഡുകൾക്ക് 150ച.മീറ്ററിൽ കുറയാത്ത എം.സി.എഫ്) തദ്ദേശ സ്ഥാപനതലത്തിലും (1000 ച.മീറ്ററിൽ കുറയാത്ത എം.സി.എഫ്) നിർമ്മിക്കുകയോ വാടകയ്ക്ക് ഏർപ്പെടുത്തുകയോ ചെയ്യേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള സംവിധാനങ്ങൾ ഉൾക്കൊള്ളുന്ന എം.സി.എഫുകൾ നാളിതുവരെ സ്ഥാപിച്ചിട്ടില്ല.

എഫ്. റിസോഴ്സ് റിക്കവറി ഫെസിലിറ്റി(ആർ.ആർ.എഫ്)

ഗ്രാമപഞ്ചായത്തിൽ ആർ.ആർ.എഫ് നിലവിലില്ല.

ജി. ഹരിത സഹായ സ്ഥാപനങ്ങൾ

15-07-2017 ലെ സ.ഉ(സാധാ)നം.2420/2018/തസ്വഭവ തിയതി ഉത്തരവ് പ്രകാരം ഹരിത കേരളം മിഷൻ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഹരിത സഹായ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കേണ്ടതാണെന്നും വേതനം നിശ്ചയിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. നാളിതുവരെ ഹരിതസഹായ സ്ഥാപനത്തിന്റെ സേവനം പ്രയോജനപ്പെടുത്തിയിട്ടില്ല.

എച്ച്. ക്ലീൻ കേരള കമ്പനി

സ.ഉ(സാധാ)നം.1641/2017/തസ്വഭവ തിയതി 19-5-2017 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്രോജക്ടുകളും ഇ-മാലിന്യ സംഭരണ സംസ്കരണ പദ്ധതികളും തയ്യാറാക്കി ടെണ്ടർ നടപടി ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. സർക്കുലർ നം. ഡി.സി.1/282/20/തസ്വഭവ തിയതി 29-07-2020 പ്രകാരം ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്‌വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഹരിത കർമ്മസേന ശേഖരിക്കുന്ന പ്ലാസ്റ്റിക്ക്, മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിൽ സൂക്ഷിക്കുന്നുണ്ടെങ്കിലും അവ ഫലപ്രദമായി കയ്യൊഴിക്കുന്നുണ്ടെന്നും ആയതിലൂടെ ലഭ്യമാകുന്ന തുക ഹരിതകർമ്മസേനയുടെ/കൺസോർഷ്യത്തിന്റെ അക്കൗണ്ടിലേക്ക് ലഭ്യമാകുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

ഐ. ഹരിതകർമ്മസേനയുടെ അക്കൗണ്ട് നീക്കിയിരിപ്പ്

ഹരിതകർമസേന തുടങ്ങിയത് മുതൽ ഇടപാടുകൾ നടത്തുന്നത് ബാങ്ക് അക്കൗണ്ട് മുഖേന മാത്രമാണ്. 09.05.2022 ലെ അക്കൗണ്ട് നീക്കിയിരിപ്പ് 66,186.55 രൂപയാണ്.

ജെ. വി.ഇ.ഒ മാരുടെ ചുമതലകൾ

ജി.ഒ(ആർടി)നം.949/2021/തസ്വഭവ തിയതി 5-5-2021 പ്രകാരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വി.ഇ.ഒ മാരുടെ ഉത്തരവാദിത്ത ങ്ങൾ വിവരിച്ചിട്ടുണ്ട്. ആയത് പ്രകാരം പദ്ധതികൾ തയ്യാറാക്കുന്നതിനും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളിൽ ഇടപെടൽ നടത്തുന്നതിനും എം.സി.എഫിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനും വി.ഇ.ഒ മാർക്ക് ചുമതല നൽകിയിട്ടുണ്ട്. ആയതനുസരിച്ച് വി.ഇ.ഒ മാർ ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- ഹരിതകർമ്മസേനയുടെ പ്രവർത്തനം വിപുലീകരിച്ച് കൂടുതൽ വീടുകളിലേയും കച്ചവട സ്ഥാപനങ്ങളിലേയും അജൈവ മാലിന്യങ്ങൾ എം.എസി.എഫിൽ എത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
- ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കുവാൻ വിവിധ ഏജൻസികളുടെ സേവനം ഫലപ്രദമായി പ്രയോജനപ്പെടുത്തേണ്ടതാണ്.
- ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖകൾക്കനുസൃതമായി ക്രമീകരിക്കേണ്ടതാണ്. പാഴ്‌വസ്തുക്കളുടെ ശേഖരണത്തിനും എം.സി.എഫി ൽ സൂക്ഷിക്കുന്നതിനും മുൻഗണന നൽകുകയും

അത്തരം പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാത്ത വിധത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള മറ്റ് സേവനങ്ങൾക്ക് ഹരിതകർമ്മസേനാംഗങ്ങളെ നിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

. അംഗീകൃത പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ പ്രകാരമുള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കേണ്ടതാണ്.

. യൂസർ ഫീ, ഹരിതകർമ്മസേന നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസ് എന്നിവ ഹരിതകർമ്മസേനയുടെ അക്കൗണ്ടിൽ വരവു വെച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്.
.യൂസർ ഫീ പിരിവ് കാര്യക്ഷമമാക്കുന്നതിനായി ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

. വാർഡ്തലത്തിലും ഗ്രാമപഞ്ചായത്ത് തലത്തിലും നിശ്ചിത സൗകര്യങ്ങളോടുകൂടിയ എം.സി.എഫുകൾ നിർമ്മിക്കുന്നതിനുള്ള ശ്രമം നടത്തേണ്ടതാണ്.

. എം.സി.എഫിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നിർമ്മാണങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.

. മാലിന്യ സംസ്കരണ മേഖലയിൽ ഗ്രാമപഞ്ചായത്തും സെക്രട്ടറിയും വിഇഒ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥന്മാരും സർക്കാർ ഉത്തരവനുസരിച്ചുള്ള ചുമതലകൾ നിറവേറ്റുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

. ഗ്രാമപഞ്ചായത്ത് മേൽ വിഷയത്തിൽ കൈക്കൊള്ളുന്ന തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 തൊഴിൽനികുതി - സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 (1) , (2) പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. അപ്രകാരം, കാരാകുറിശ്ശി പഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ കൃത്യതയും രേഖകളുടെ സൂക്ഷിപ്പും പരിശോധിക്കുന്നതിനായി ഡിമാൻറ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 205 ഐ പ്രകാരം സെക്രട്ടറി, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ, ഒന്നോ അതിലധികമോ വർഷത്തേക്കായി സൂക്ഷിക്കേണ്ടതുമാണ്. കൂടാതെ പഞ്ചായത്തിലുള്ള നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളുടെയും പേര്, മറ്റ് വിവരങ്ങൾ ഉൾകൊള്ളിച്ചുകൊണ്ട് ഒരു സ്ഥാപന രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരം സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. തൻമൂലം നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും നികുതി ഡിമാന്റെ ചെയ്ത് ഈടാക്കിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുവാൻ കഴിഞ്ഞിട്ടില്ല.

1-16 സി പി ആർ സി എസ് മുഖേന കമ്പ്യൂട്ടർ വാങ്ങൽ - കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രൊജക്റ്റ് | 208/21, കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | 75000 മെയിന്റിനൻസ് ഫണ്ട് (എൻ ആർ) |

| | |
|---|---|
| ചെലവ് | 53244 മെയിന്റിനൻസ് ഫണ്ട് (എൻ ആർ) |

മേൽപ്രൊജക്ട് പ്രകാരം ഐ സിഡി എസ് സൂപ്പർവൈസർക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി മെയിന്റിനൻസ് ഫണ്ട് (എൻ ആർ) - ൽ നിന്നും 53244രൂ ചെലവഴിച്ചിട്ടുണ്ട്. സി പി ആർ സി എസ് മുഖേന കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും ഉപകരണം വാങ്ങുന്നതിനായി തുക (ട്രഷറി അക്കൗണ്ട് നം. 799011400003959) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. കമ്പ്യൂട്ടർ ലഭ്യമായതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും രേഖകൾ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം (2/14.06.22) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ നാളിതുവരെ ഉപകരണം ലഭ്യമായിട്ടില്ലെന്നും ഇതുസംബന്ധിച്ച് ഐ ടി മിഷന് കത്ത് നൽകിയിട്ടുണ്ടെന്ന് ഉടനെ ലഭ്യമാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെന്നും അറിയിച്ചു. കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് അറിയിക്കേണ്ടതാണ്.

## 1-17 ഡെപ്പോസിറ്റ് വർക്ക് - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

താഴെചേർക്കുന്ന പ്രൊജക്ടുകൾക്കായി കെ എസ് ഇ ബി യിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദാംശം താഴെചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നമ്പരും പേരും | അടങ്കൽ, ചെലവ് | ഫണ്ടിനം | ട്രഷറി ബിൽ നം., തീയതി, തുക | തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ/ സ്ഥാപനം, കൈപ്പറ്റിയ തുക |
|---|---|---|---|---|---|
| 1 | 213/21(SO), കപ്രാട്ടിൽ തലയാനി റോഡ് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 25000, 19205 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 03/20-21/ 12.06.20 | കെ എസ് ഇ ബി അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, തച്ചമ്പാറ |
| 2. | 306/21, പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 100000, 99620 | തനത് ഫണ്ട് | ചെക്ക് നം. 5175630/17.03.21 | കെ എസ് ഇ ബി തച്ചമ്പാറ |

പ്രവർത്തികളുടെ പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം, തുക വിനിയോഗിച്ചില്ലെങ്കിൽ തിരികെ ഈടാക്കിയതിന്റെ രേഖകൾ എന്നിവയും ഏജൻസികളുമായി ഏർപ്പെട്ട കരാർ, എസ്റ്റിമേറ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3/14.06.22) രേഖകൾ ലഭ്യമാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി.

## 1-18 ഡെപ്പോസിറ്റ് വർക്ക് - വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയ തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

| ക്രമ നം. | പ്രോജക്റ്റ് നമ്പരും പേരും | അടങ്കൽ, ചെലവ് | ഫണ്ടിനം | ട്രഷറി ബിൽ | തുക കൈപ്പറ്റിയ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | നം., തീയതി, തുക | ഉദ്യോഗസ്ഥൻ/ സ്ഥാപനം, കൈപ്പറ്റിയ തുക |
| 1. | 197/21, പൊന്തിയംപുറം നാലുസെന്റ് കോളനി പൈപ്പ് ലൈൻ നീട്ടൽ | 150000, 150000 | വികസനഫണ്ട് ജനറൽ | 25/20-21/ 18.03.21 | കേരള വാട്ടർ അതോറിറ്റി, ഷൊർണ്ണൂർ |
| 2 | 195/21, പെരുന്തച്ചൻ റോഡ് പൈപ്പ് ലൈൻ നീട്ടൽ | 200000 200000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 28/20-21 /21.03.21 | കേരള വാട്ടർ അതോറിറ്റി, ഷൊർണ്ണൂർ |
| 3. | 219/21, വടശ്ശേരി അലുപുരം എസ് സി കോളനി കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 150000, 150000 | വികസനഫണ്ട് എസ് സി പി | 19-20-ലെ Q Bill | ” |
| 4. | 224/21, ഷാപ്പുംകുന്ന് കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | 75000, 75000 | ” | 19-20-ലെ Q Bill | ” |

ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം തുക വിനിയോഗിച്ചില്ലെങ്കിൽ തിരികെ ഈടാക്കിയതിന്റെ രേഖകൾ എന്നിവയും ഏജൻസികളുമായി ഏർപ്പെട്ട കരാർ, എസ്റ്റിമേറ്റ് എന്നിവ പരിശോധനയ്ക്ക് ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (3/14.06.22) നൽകിയതിന് വിനിയോഗ സാക്ഷ്യപത്രം വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്കായി ഹാജരാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി.

